# ശബ്ദത്തിനെതിരെയുള്ള ശബ്ദമായി ഒരു ഒറ്റയാൾ പോരാട്ടം

**സ്വന്തം ലേഖകൻ**

*എത്ര മാധുര്യമേറിയതാണെങ്കിലും അടിച്ചേൽപ്പിക്കപ്പെടുന്ന സംഗീതം കടന്നുകയറ്റവും അസഹനീയവുമാണ്. ക്ഷേത്രത്തിൽ ദിവസവും പ്രവർത്തിപ്പിക്കുന്ന മൈക്ക് നിയന്ത്രണങ്ങളോടെ മാത്രമേ ഉപയോഗിക്കാവൂ.*

ഒക്ടോബർ 30ന് കേരള ഹൈക്കോടതി ഇങ്ങനെ വിധി പ്രസ്താവിച്ചപ്പോൾ അംഗീകരിക്കപ്പെട്ടത് സ്വച്ഛതക്കായുള്ള, ശാന്തതക്കായുള്ള ഒരു മനുഷ്യന്റെ 12 വർഷം നീണ്ട പോരാട്ടമാണ്.

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ പഞ്ചായത്തിലെ എറവ് മഹാവിഷ്ണുക്ഷേത്രത്തിൽ രാവിലെയും വൈകീട്ടും ഭക്തിഗാനങ്ങൾക്കായി മൈക്കുപയോഗിക്കുന്നത് സംബന്ധിച്ചാണ് ഹൈക്കോടതി വിധി പ്രസ്താവിച്ചത്. വിധിയുടെ അടിസ്ഥാനമാകട്ടെ അതേ നാട്ടുകാരനായ പ്രശസ്ത എഴുത്തുകാരൻ ഡോ.കെ.അരവിന്ദാക്ഷൻ സമർപ്പിച്ച ഹർജിയും.12 വർഷമായി പരോക്ഷമായും 2വർഷമായി സജീവമായും ഇത് നേടിയെടുക്കാനുള്ള ശ്രമത്തിലായിരുന്നു അദ്ദേഹം.

തന്റെ സർഗാത്മകപ്രവർത്തനങ്ങൾക്ക് സമീപത്തെ ക്ഷേത്രത്തിലെ മൈക്ക് പ്രതിബന്ധമാകുന്നുവെന്ന തിരിച്ചറിവാണ് അരവിന്ദാക്ഷനെ ഈ നിയമയുദ്ധത്തിലേക്ക് നയിച്ചത്. രാവിലെ 5 മുതൽ 6 വരെയും വൈകീട്ട് 6 മുതൽ 7 വരെയും അത്യുച്ചത്തിൽ ക്ഷേത്രത്തിൽ മൈക്ക് ഉപയോഗിക്കുമായിരുന്നു. ക്ഷേത്രത്തിനു പുറത്തുള്ള കെട്ടിടത്തിനു മുകളിലാണ് മൈക്ക് സ്ഥാപിച്ചിട്ടുള്ളത്. ശല്യം അസഹ്യമായപ്പോൾ ഇതിനൊരു പോംവഴി കാണാൻ അരവിന്ദാക്ഷൻ മുതിരുകയായിരുന്നു. മൈക്ക് പ്രവർത്തിപ്പിക്കുന്ന സമയം കുറയ്ക്കണമെന്ന ചുരുങ്ങിയ ആവശ്യവുമായി ക്ഷേത്രഭാരവാഹികളെ സമീപിച്ചിട്ടും ഫലമില്ലാതായപ്പോൾ ഇദ്ദേഹം ഡി.വൈ.എസ്.പിയുടെ സഹായം തേടി. മൈക്കുപയോഗവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമം നടപ്പിലാക്കി കിട്ടണമെന്നതായിരുന്നു ആവശ്യം. കാര്യത്തിന്റെ ഗൗരവം ഡി.വൈ.എസ്.പിക്ക് ബോധ്യപ്പെട്ടതോടെ 2001 നവംബർ 13ന് വൈകീട്ട് മുതൽ മൈക്ക് പ്രവർത്തിപ്പിക്കുന്നത് അരമണിക്കൂറായി ചുരുങ്ങി.

പിന്നീട് 2002 ആഗസ്റ്റ് 23 നാണ് പ്രശ്നം വീണ്ടും രൂക്ഷമാകുന്നത്. ഓണാഘോഷത്തിനിടയിൽ ചതയദിനം മുതൽ മൈക്കുപയോഗം 1 മണിക്കൂറായി വർദ്ധിപ്പിച്ചു. ഇതിനെതിരെ സാധാരണ തപാലിൽ രണ്ടു കത്തുകളും രജിസ്റ്റേഡായി ഒരു കത്തും അയച്ചെങ്കിലും പ്രതികരണമുണ്ടായില്ല. 23.9.02ന് അയച്ച രജിസ്റ്റേഡ് കത്ത് കൈപ്പറ്റാതിരിക്കുകയും ചെയ്തു. കത്തുകൾ തിരിച്ചുവന്നതിനെ തുടർന്ന് തൃശ്ശൂരിലെ ചില പൗരാവകാശപ്രവർത്തകർ ഇടപെട്ടെങ്കിലും ക്ഷേത്രഭാരവാഹികൾ വഴങ്ങിയില്ല. മൈക്കുപയോഗിക്കുന്ന സമയം അരമണിക്കൂറാക്കി ചുരുക്കുകയോ അല്ലെങ്കിൽ ബോക്സ് മാത്രമേ ഉപയോഗിക്കാവൂ എന്നുമുള്ള ആവശ്യത്തെ നിന്ദ്യവും സംസ്കാരശൂന്യവുമായാണത്രേ അവർ നേരിട്ടത്. പരാതി എഴുതുന്ന കൈ കൊത്തിക്കളയുമെന്നുവരെ ഒരു ഭാരവാഹിയിൽ നിന്നും ഭീഷണി ഉയർന്നിരുന്നു.

വിട്ടുവീഴ്ചകളുടെയും സമവായത്തിന്റെയും ഘട്ടം കഴിഞ്ഞുവെന്ന് ബോധ്യപ്പെട്ട അരവിന്ദാക്ഷൻ തൃശ്ശൂരിലെ അഡ്വ. കെ. കെ. മുകുന്ദന്റെ നിർദ്ദേശപ്രകാരം അഡ്വ. ഒ. ഡി. ശിവദാസ് വഴി ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചു. തുടർന്നാണ് കഴിഞ്ഞ ഒക്ടോബർ 30ന് ഹൈക്കോടതി അനുകൂലമായ വിധി പുറപ്പെടുവിച്ചത്.

വെറുമൊരു പ്രാദേശിക പ്രശ്നമായും ഒരു വ്യക്തിയുടെ മാത്രം പ്രശ്നമായും പ്രഥമദൃഷ്ട്യാ തോന്നാമെങ്കിലും സമൂഹത്തെയാകെ ബാധിക്കുന്ന, ബാധിക്കാനിരിക്കുന്ന ഗുരുതരമായ ഒരു പ്രതിസന്ധിക്കു നേരെയാണ് താൻ ശബ്ദമുയർത്തുന്നതെന്ന് ആഴത്തിൽ ചിന്തിച്ചാൽ ബോധ്യപ്പെടുമെന്ന് അരവിന്ദാക്ഷൻ ചൂണ്ടിക്കാണിക്കുന്നു. മനുഷ്യന്റെ നിസ്സഹായവസ്ഥയാണ് ഇവിടെ വെളിപ്പെടുന്നത്. സ്വച്ഛവും നിശബ്ദവുമായ ഒരു അന്തരീക്ഷം ജീവിതത്തിൽ നിന്നും നഷ്ടമാകുന്ന ദുരവസ്ഥയാണ് ഇവിടെ നിഴലിക്കുന്നത്. പൗരാവകാശം തകർക്കപ്പെടുന്ന ഈ അവസ്ഥക്ക് എല്ലാ രാഷ്ട്രീയകക്ഷികളും മതസംഘടനകളും കുഴലൂത്ത് പാടുന്നു എന്നത് പ്രശ്നം രൂക്ഷമാക്കുന്നു.

വികസനത്തിന്റെ പേരിൽ, കാലത്തിന്റെ അനിവാര്യതയായി വ്യക്തിസ്വാതന്ത്ര്യങ്ങൾ ഹനിക്കപ്പെടുമ്പോൾ...മനസ്സിന്റെയും ശരീരത്തിന്റെയും സ്വസ്ഥത തകർക്കപ്പെടുമ്പോൾ... പ്രതികരിക്കുക-ശബ്ദത്തിനെതിരെയുള്ള ശബ്ദമായി പോരാടുമ്പോൾ ഡോ. കെ.അരവിന്ദാക്ഷൻ നമ്മെ ഓർമ്മിപ്പിക്കുന്ന പാഠമിതാണ്.